കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ദിനം വർദ്ധിപ്പിക്കാൻ നടപടി

130 [499] *ശ്രീ. പി. കെ. കെ. ബാവ:*
,, *ടി. പി. എം. സാഹിർ:*
,, *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കുറയാതിരിക്കാൻ കൈത്തറി വസ്ത്രങ്ങളുടെ നിർമ്മാണം വർദ്ധിപ്പിക്കുന്നതിനും വിപണനം വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെയാണ് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൈത്തറി വസ്ത്രങ്ങൾ കയറ്റി അയയ്ക്കുന്ന വകയിൽ കഴിഞ്ഞ വർഷം എന്തു തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൈത്തറി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കുറയാതിരിക്കാനും കൈത്തറി വസ്ത്രങ്ങളുടെ നിർമ്മാണവും വിപണനവും വർദ്ധിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാനത്ത് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

1. വീൻദയാൽ കൈത്തറി വികസന പദ്ധതി
2. റിബേറ്റ്/മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതി
3. ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം
4. ഇന്റഗ്രേറ്റഡ് ഹാന്റ്ലൂം ട്രെയിനിംഗ് പദ്ധതി
5. ഹാങ്ക്യാൺ സബ്സിഡി
6. എസ്. ജി. എസ്. വൈ. സ്പെഷ്യൽ പദ്ധതി
7. വാൻവീവ്, ഹാന്റിക്സ് മുതലായവയ്ക്ക് ഓഹരി പങ്കാളിത്ത പദ്ധതി
8. എക്സ്പോർട്ട് സബ്സിഡി
9. നെയ്ത്തിലും ഡൈയിംഗിലും ഡിസൈനിംഗിലും വിദഗ്ദ്ധ പരിശീലനം നൽകുന്ന പദ്ധതി
10. സഹകരണ മേഖലയിൽ കൈത്തറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

(സി) 2004-05 വർഷം കേരളത്തിൽ നിന്നും 315 കോടി രൂപയുടെ കൈത്തറി വസ്ത്രങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly